എനർജി മാനേജ്മെന്റ്
സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 11 | 2023 നവംബർ 05




# പാലക്കാട് ഇൻവെസ്റ്റ്മെന്റ് ബസാർ

## വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു


ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുവാനുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (ബി.ഇ.ഇ.) സ്കീമിൽ സഹകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും (ഇ.എം.സി), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും (ഫിക്കി) ചേർന്ന് ഇൻവെസ്റ്റ്മെന്റ് ബസാർ ഫോർ എനർജി എഫിഷ്യൻസി ഏകദിന സമ്മേളനം സംഘടിപ്പിച്ചു. ഒക്ടോബർ 17 ന് പാലക്കാട് ഹോട്ടൽ ശ്രീചക്ര ഇന്റർനാഷണലിൽ വച്ച് നടന്ന പരിപാടിയുടെ ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ വിജയകരമായി പൂർത്തിയായ പരിപാടിയിൽ സംസ്ഥാനത്ത് നാലാമതായാണ് പാലക്കാട് സംഘടിപ്പിച്ചത്. മലമ്പുഴ എം.എൽ.എ. എ. പ്രഭാകരൻ, ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഫിക്കി സ്റ്റേറ്റ് കൗൺസിൽ സീനിയർ അംഗവും പാലക്കാട് സർജിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ എംഡിയുമായ പി.എം. രവീന്ദ്രൻ, പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സജി എസ്., പാലക്കാട് ചേംബർ ഓഫ് കൊമേഴ്സ് ജോയിന്റ് സെക്രട്ടറി രത്ന പ്രഭു ആർ., കഞ്ചിക്കോട് ഇൻഡസ്ട്രീസ് ഫോറം വൈസ് പ്രസിഡൻറ് കിരൺ കുമാർ ആർ., ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി.വി., ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി പ്രൊജക്ട് ഇക്കണോമിസ്റ്റ് നൂപുർ അഹൂജ, ഫിക്കി എനർജി ഡിവിഷൻ ഡയറക്ടർ എം. എൻ. ഗിരീഷ്, എന്നിവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായി.

സമ്മേളനത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക പദ്ധതികളെക്കുറിച്ചുള്ള അവതരണങ്ങൾ നടന്നു. എനർജി മാനേജ്മെന്റ് സെന്റർ മേൽനോട്ടം വഹിക്കുന്ന സാമ്പത്തിക സഹായ പദ്ധതിയായ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ നിധിയെ സംബന്ധിച്ചും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി നടപ്പാക്കുന്ന പദ്ധതികളെ കുറിച്ചും അവതരണങ്ങൾ നടന്നു. വ്യവസായ മേഖലകളിൽ നിന്നുള്ളവരും ഉപഭോക്താക്കളും തങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചും അതിനാവശ്യമായ മൂലധനം സംബന്ധിച്ചും അവതരണം നടത്തി. വ്യവസായ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, എനർജി ഓഡിറ്റർമാർ, ടെക്നോളജി പ്രൊവൈഡർമാർ തുടങ്ങി വിവിധ മേഖലയിൽ നിന്നുള്ള 140 ഓളം വിശിഷ്ടാതിഥികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. വിവിധ വ്യവസായ സ്ഥാപനങ്ങൾ തങ്ങളുടെ ഊർജ്ജകാര്യക്ഷമതാ സാങ്കേതിക വിദ്യകളും ഉത്പന്നങ്ങളും അവതരിപ്പിക്കുന്നതിനായി സ്റ്റാളുകൾ സജ്ജീകരിച്ചിരുന്നു.

# The India Interstate Clean Energy Procurement Programme in USA

The U.S. Trade and Development Agency (USTDA) recently hosted an Orientation Visit as part of the India Interstate Clean Energy Procurement Programme, conducted under the Global Procurement Initiative: Understanding Best Value (GPI). This visit commenced on October 28, 2023, and is scheduled to continue until November 8, 2023, featuring visits in Washington, DC, the Colorado Energy Office in Denver, and Silicon Valley, CA. The primary aim of the visit was to engage in training sessions with GPI energy technical experts, fostering the exchange of ideas and best practices for incorporating best-value determinations and life-cycle cost analysis into the clean energy procurement process. Dr. R. Harikumar, Director, Energy Management Centre - Kerala, is participating in this orientation visit as a representative of Kerala.



Representatives of India in the orientation visit as part of the India Interstate Clean Energy Procurement Programme

## ഊർജ്ജപ്രചാരകരാകാൻ വിദ്യാർത്ഥികൾ

# എനർജി ക്ലബ് രൂപീകരിച്ചു

വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ശീലം വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങളിൽ 'എനർജി ക്ലബ്ബ്-കേരള' എന്ന പേരിൽ ക്ലബ്ബുകൾ രൂപീക രിക്കുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 4 ന് എനർജി മാനേജ്മെന്റ് സെന്ററിൽ വച്ച് നടന്നു. ക്ലബ്ബുകളുടെ ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈ നായി നിർവഹിച്ചു. കുട്ടികളിൽ ഊർജം, പരിസ്ഥിതി എന്നീ വിഷയങ്ങളിൽ അവബോധം വളർത്തുന്നതിന് ഇത്തരം ക്ലബ്ബുകൾ സഹായകമാകും എന്ന് മന്ത്രി പറഞ്ഞു.

കഴക്കൂട്ടം എം.എൽ.എ. കടകംപള്ളി സുരേന്ദ്രൻ ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി യുടെ 70%വും പുറത്തുനിന്നും വാങ്ങുന്ന കേരളത്തിൽ കാര്യക്ഷമമായ വൈദ്യുതി ഉപയോഗവും പീക്ക് ഡിമാന്റ് നിയന്ത്രണ മാർഗ്ഗങ്ങളും കുട്ടികൾക്ക് മനസ്സിലാക്കി ക്കൊടുക്കേണ്ടതുണ്ടെന്ന് എം.എൽ.എ. പറഞ്ഞു. ഇതിനുള്ള ശാസ്ത്രീയ സമീപനത്തി ന് എനർജി ക്ലബ്ബുകൾ സഹായകരമാകു മെന്നും അദ്ദേഹം പറഞ്ഞു. എനർജി ക്ലബ്ബ് ലോഗോ, 2023-24 ലെ എനർജി ക്ലബ്ബ് പ്രവർത്തന പരിപാടികളുടെ സംഗ്രഹം എന്നിവ ചടങ്ങിൽ പ്രകാശനം ചെയ്തു.

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ശാസ്ത്രരംഗം പരിപാടിയുടെ കോ-ഓർഡിനേറ്റ ർമാരായ അദ്ധ്യാപകരാണ് എനർജി ക്ലബ്ബുകളുടെ കോ- ഓർഡി നേറ്റർമാരായും പ്രവർത്തിക്കുക. കേരളത്തിലെ 113 വിദ്യാഭ്യാസ ഉപജില്ലകളിൽ നിന്നുള്ള അദ്ധ്യാപക ർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു. ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, രജിസ്ട്രാർ സുഭാഷ് ബാബു ബി.വി., എനർജി ടെക്നോള ജിസ്റ്റ് അനൂപ് സുരേന്ദ്രൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.



എനർജി ക്ലബ് ലോഗോ എം.എൽ.എ. കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്യുന്നു


പ്രവർത്തന പരിപാടികളുടെ സംഗ്രഹം എം.എൽ.എ. കടകംപള്ളി സുരേന്ദ്രനും ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാറും ചേർന്ന് പ്രകാശനം ചെയ്യുന്നു

# ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകരുടെ ശില്പശാല

ഡൽഹിയിലെ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായ Centre for Research on the Economics of Climate, Food, Energy, and Environment (CECFEE) ഇ.എം.സി.യു മായി ചേർന്ന് 'ഗവേഷണം, നയരൂപീ കരണം' ശില്പശാല ഒക്ടോബർ 27, 28 തീയതികളിൽ ഇ.എം.സി.യിൽ വച്ച് സംഘടിപ്പിച്ചു. ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ.എൻ. ശില്പശാല ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഇക്കണോമിക്സ് ആന്റ് പ്ലാനിംഗ് യൂണിറ്റിലെ പ്രൊഫസറും CECFEEയുടെ മേധാവിയുമായ ഇ. സോമനാഥൻ അധ്യക്ഷത വഹിച്ചു. പ്രശസ്ത അന്താരാഷ്ട്ര സർവ്വകലാശാല കളിൽ നിന്നുള്ള സാമ്പത്തിക ശാസ്ത്ര ത്തിലെയും പരിസ്ഥിതിയിലെയും വിദഗ്ദ്ധർ 20 വൈവിധ്യമാർന്ന ഗവേഷണ പ്രബന്ധങ്ങൾ ശിൽപശാല യിൽ അവതരിപ്പിച്ചു. Environment for Development-മായി ബന്ധപ്പെട്ട രാജ്യത്തെ 45 പ്രതിനിധികൾ പങ്കെടു ത്ത ശിൽപശാല രണ്ട് ദിവസങ്ങളിലാ യാണ് സംഘടിപ്പിച്ചത്. ശിൽപശാല യുടെ രണ്ടാം ദിവസത്തെ പരിപാടികൾ കോവളത്തെ ഹോട്ടൽ ഉദയ് സമുദ്രയിൽ നടന്നു.


ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ.എൻ. ശില്പശാല ഉദ്ഘാടനം ചെയ്യുന്നു

ഇലക്ട്രിക് കുക്കിംഗ്, സോളാർ ഫോട്ടോവോൾട്ടായിക് സംവിധാനം എന്നിവയിലൂടെ അങ്കണവാടികളെ നെറ്റ് സീറോ എമിഷൻ സ്ഥാപന ങ്ങളാക്കി മാറ്റാൻ ലക്ഷ്യമിട്ട് ഇ.എം.സി. നടപ്പാക്കുന്ന അംഗൻ ജ്യോതി പദ്ധതിയിലൂടെയുള്ള സാമൂഹിക-സാമ്പത്തിക ഗവേഷണം CECFEE വഴിയാണ് സാദ്ധ്യമാക്കുന്നത്.

# കാലാവസ്ഥാ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ പരിശീലനങ്ങൾ പുരോഗമിക്കുന്നു

കാർഷിക വികസന– കർഷക ക്ഷേമ വകുപ്പും, എനർജി മാനേജ്മന്റ് സെന്ററും ചേർന്ന് അസർ, എക്വിനോക്സ് എന്നീ സംഘടനകളുടെ സഹകരണത്തോടെ 'കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും കാർഷിക മേഖലയിൽ' എന്ന വിഷയത്തിൽ ജില്ലാതല ഏകദിന ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു. ഒക്ടോബർ മാസത്തിൽ കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ ജില്ലാതല ശില്പശാലകൾ സംഘടിപ്പിച്ചു.

കേരളത്തിലെ കാർഷികമേഖലയിൽ കാലാവസ്ഥ അതിജീവനശേഷിയും ഊർജ്ജകാര്യക്ഷമതയും വിപുലമാക്കുന്നതിനും അക്ഷയ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അവതരണങ്ങളും ചർച്ചകളും ശില്പശാലകളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് വിജയകരമായി നടപ്പിലാക്കിയ മാതൃകകളെക്കുറിച്ചുള്ള പഠനങ്ങളും അവതരിപ്പിക്കപ്പെട്ടു.

കാസർഗോഡ് സിറ്റി ടവർ ഹോട്ടലിൽ വെച്ച് ഒക്ടോബർ 20 ന് നടന്ന ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ മിനി പി. ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റ് റ്റോംസൺ സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. അസറിലെ സ്റ്റേറ്റ് ക്ലൈമറ്റ് ആക്ഷൻ വിഭാഗം ഡയറക്ടർ പ്രിയ പിള്ള ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.



കണ്ണൂരിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

കണ്ണൂർ ജില്ലയിൽ ഒക്ടോബർ 26 ന് ഏകദിന ശില്പശാല സംഘടിപ്പിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന ശില്പശാല ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അനിൽ ബി.കെ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സിയിലെ ഊർജ കാര്യക്ഷമത വിഭാഗം തലവൻ ജോൺസൺ ഡാനിയൽ സ്വാഗതം ആശംസിച്ചു. ATMA പ്രോജക്ട് ഡയറക്ടർ ശ്രീ. പ്രദീപൻ, ജില്ലാപഞ്ചായത്ത് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ റ്റി. ഗംഗാധരൻ എന്നിവർ ആശംസകൾ അറിയിച്ച ചടങ്ങിൽ എക്വിനോക്സ് മാനേജിംഗ് ഡയറക്ടർ ഡോ. സി. ജയരാമൻ നന്ദി പ്രകാശിപ്പിച്ചു.

പാലക്കാട് ജില്ലയിലെ ശില്പശാല ഒക്ടോബർ 28 ന് ഫോർട്ട് പാലസ് ഹോട്ടലിൽ വച്ച് സംഘടിപ്പിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ ശില്പശാല ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ എൽ.ആർ. മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് റ്റോംസൺ സെബാസ്റ്റ്യൻ സ്വാഗതം ആശംസിച്ചു. അസറിലെ സ്റ്റേറ്റ് ക്ലൈമറ്റ് ആക്ഷൻ വിഭാഗം ഡയറക്ടർ പ്രിയ പിള്ള ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

# മില്ലേനിയം വയർമാൻ; ത്രിദിന ശില്പശാല സംഘടിപ്പിച്ചു

വയർമാൻമാർക്കുള്ള ത്രിദിന പരിശീലനം ഒക്ടോബർ 10 മുതൽ 12 വരെ ഇ.എം.സി.യിൽ വച്ച് സംഘടിപ്പിച്ചു. ഇ.എം.സി., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, ഗ്രീൻ എനർജി ഫോറം എന്നിവയുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീർസ് (IEEE) ആണ് പരിശീലനം സംഘടിപ്പിച്ചത്. വൈദ്യുതി രംഗത്തെ അടിസ്ഥാന ജോലികളിൽ ഒന്നായ വയറിംഗ് ചെയ്യുന്ന വിഭാഗമായ വയർമാൻമാരുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായാണ് പരിശീലനം സംഘടിപ്പിച്ചത്. 23 പേർ പരിശീലനത്തിൽ പങ്കെടുത്തു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡന്റ് ബി. രമേഷ് പരിശീലനം ഉദ്ഘാടനം ചെയ്തു. IEEE കേരള സെക്ഷൻ ചെയർമാനും ഇ.എം.സി. മുൻ ഡയറക്ടറുമായിരുന്ന പ്രൊഫ. വി. കെ. ദാമോദരൻ അദ്ധ്യക്ഷത വഹിച്ചു. ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ. എൻ., രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വിനോദ് ജി., ഗ്രീൻ എനർജി ഫോറം പ്രതിനിധി കെ. മധുകൃഷ്ണൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.




കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡന്റ് ബി. രമേഷ് പരിശീലനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു




IEEE കേരള സെക്ഷൻ ചെയർമാൻ പ്രൊഫ. വി. കെ. ദാമോദരൻ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു

# സഹകിരൺ; ഐഡിയത്തോൺ ഉദ്ഘാടനം ചെയ്തു



സഹകിരൺ ഐഡിയത്തോൺ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ ജില്ലയിലെ കതിരൂർ സർവീസ് സഹകരണ ബാങ്കിന്റെ സഹകിരൺ–ഐഡിയത്തോൺ മത്സരം ഒക്ടോബർ 16 ന് ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. സൗരോർജ്ജ പദ്ധതിയും ഊർജ്ജസംരക്ഷണ പ്രവർത്തനവുമാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നത്. പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന സംവിധാനം വികസിപ്പിച്ച വിദ്യാർത്ഥികളാണ് ഒന്നാം സ്ഥാനം നേടിയത്. വൈദ്യുതി ഉപയോഗം കുറക്കാൻ സഹായിക്കുന്ന നിർദ്ദേശങ്ങൾ നൽകുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചവർ രണ്ടാം സ്ഥാനം നേടി. ജില്ലയിലെ വിവിധ സാങ്കേതികവിദ്യാലയങ്ങളിൽ നിന്നുള്ള 18 ഗ്രൂപ്പുകളാണ് ഐഡിയത്തോൺ മത്സരത്തിനെത്തിയത്. ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ വിവിധ ജനപ്രതിനിധികളും ബാങ്ക് ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുത്തു.

മെച്ചപ്പെട്ട ഊർജ്ജകാര്യക്ഷമതാ സംവിധാനങ്ങൾ നടപ്പാക്കുന്നതോടൊപ്പം വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ലോണുകൾ, പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള നൂറോളം ഊർജ്ജസംരക്ഷണ ക്ലാസുകൾ എന്നിവയും ബാങ്കിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

CEIBIC
CLEAN ENERGY INNOVATION & BUSINESS INCUBATION CENTRE

# ക്ലീൻടെക് ചലഞ്ച് വിജയികളുടെ ബൂട്ട് ക്യാമ്പ്

ഇ.എം.സി., CEIIC, സോഷ്യൽ ആൽഫ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ (CEIBIC) ക്ലീൻടെക് ചലഞ്ച് – Cohort 1-ലെ വിജയികൾക്കായുള്ള ബൂട്ട് ക്യാമ്പ് ഇ.എം.സി.യിൽ വച്ച് സംഘടിപ്പിച്ചു. ഒക്ടോബർ 5,6 തീയതികളിൽ നടന്ന ക്യാമ്പിൽ ക്ലീൻടെക് ചലഞ്ചിലെ വിജയികളായ 10 സ്റ്റാർട്ട്-അപ്പുകളാണ് ദ്വിദിന ക്യാമ്പിൽ പങ്കെടുത്തത്. ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി.വി. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ ചടങ്ങിൽ സംസാരിച്ചു. ക്യാമ്പിൽ സോഷ്യൽ ആൽഫയിലെ ജേക്കബ് പൗലോസ്, രാകേഷ് രാജീവ്, കെ&എസ് പാർട്ണേഴ്സ് പ്രതിനിധി രവി ഭോല എന്നിവർ വിവിധ സെഷനുകൾ മോഡറേറ്റ് ചെയ്തു.

# ഉണർവ്വ് ഊർജ്ജജസംരക്ഷണ അവബോധ പരിപാടി

വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി ഇ.എം.സി. സംഘടിപ്പിക്കുന്ന ഊർജ്ജസംരക്ഷണ അവബോധ പരിപാടിയായ 'ഉണർവ്' പുരോഗമിക്കുന്നു. ഒക്ടോബർ മാസം മൂന്ന് സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് പരിപാടിയിൽ പങ്കെടുത്തത്. 2023 ഒക്ടോബർ 3 ന് നെയ്യാറ്റിൻകരയ്ക്കടുത്തുള്ള ഊരൂട്ടുകാല ഗവൺമെൻറ് MTHS, ഒക്ടോബർ 10 ന് കാട്ടാക്കടയ്ക്കടുത്തുള്ള ഗവൺമെൻറ് ഹൈസ്കൂൾ പ്ലാവൂർ, ഒക്ടോബർ 26 ന് പെരുമാതുറയ്ക്കടുത്തുള്ള SIUPS മാടൻവിള എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ഉണർവ്വ് പരിപാടിയുടെ ഭാഗമായി.

ഊർജസംരക്ഷണ അവബോധ ക്ലാസുകളും ഹ്രസ്വ ചലച്ചിത്ര പ്രദർശനവും ക്യാമ്പസ് സന്ദർശന പരിപാടിയും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. ഇ.എം.സി.യിലെ എനർജി കാലിബ്രേഷൻ ലാബ്, വിവിധ ഊർജപ്ലാന്റുകളുടെ മാതൃകകൾ സജ്ജീകരിച്ച ലാബ്, സോളാർ പവർ ജനറേഷൻ സംവിധാനം തുടങ്ങിയ ഊർജവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിദ്യാർത്ഥികൾക്ക് നേരിട്ടറിയാൻ അവസരമൊരുക്കി. ഇ.എം.സി. രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., ഊർജകാര്യക്ഷമത വിഭാഗം മേധാവി ജോൺസൺ ഡാനിയൽ, എനർജി ടെക്നോളജിസ്റ്റുകളായ സന്ദീപ് കെ., ശരത് കൃഷ്ണൻ, രാജീവ് കെ. ആർ., അനൂപ് സുരേന്ദ്രൻ, റ്റോംസൺ സെബാസ്റ്റ്യൻ തുടങ്ങിയവർ ഊർജാവബോധ ക്ലാസുകൾക്ക് നേതൃത്വം നൽകി. ലൈബ്രറി & ഇൻഫർമേഷൻ ഓഫീസറായ സിന്ധു എസ്. കുമാർ പരിപാടികളിൽ നന്ദി പ്രകാശിപ്പിച്ചു.

# ധാരണാപത്രം ഒപ്പുവച്ചു



ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് ഇ.എം.സി. നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ കേരള സമൂഹത്തിൽ കൂടുതൽ കാര്യക്ഷമമായി എത്തിക്കുന്നതിന് ആശയവിനിമയ മാർഗ്ഗങ്ങൾ ശക്തമാക്കുന്നതിനും ലക്ഷ്യമിട്ട് സ്ട്രാറ്റജിക് കമ്മ്യൂണിക്കേഷൻ ആന്റ് ഇൻഫർമേഷൻ രംഗത്തെ പ്രഗത്ഭരായ അഹമ്മദാബാദിലെ മുദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിലെ (MICA) സെന്റർ ഫോർ ഡവലപ്മെന്റ് മാനേജ്മെന്റ് ആന്റ് കമ്മ്യൂണിക്കേഷൻ (CDMC) വിഭാഗവുമായി ഒക്ടോബർ 3 ന് ഇ.എം.സി. ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇ.എം.സി.യെ പ്രതിനിധീകരിച്ച് ഡയറക്ടർ ഡോ. ആർ. ഹരികമാർ, ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ.എൻ., രജിസ്ട്രാർ സുഭാഷ് ബാബു ബി.വി., ഊർജ്ജകാര്യക്ഷമതാ വിഭാഗം മേധാവി ജോൺസൺ ഡാനിയൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. CDMC–MICA-യുടെ പ്രതിനിധികളായ ഡീൻ ഡോ. ഗീത ഹെഗ്ഡെ, കോ–ചെയർ ഡോ. രുചി തിവാരി, കോ–ചെയർ മനിഷ പതക് ഷെലത്, അസോസിയേറ്റ് പ്രൊഫസർ ഡോ. തരൾ പതക്, എക്സിക്യൂട്ടീവ് ജാസ്റ്റിൻ കൗർ എന്നിവരും ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ സംബന്ധിച്ചു.



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre - Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256

എനർജി മാനേജ്മെന്റ് സെന്റർ

# ഊർജ്ജപത്രിക കേരളീയം സ്പെഷ്യൽ

കേരളീയം Keraleeyam

2023 നവംബർ 01 മുതൽ 7 വരെ

2023 നവംബർ 10





## കേരളീയ(ം) ചരിത്രമായി ഇ.എം.സി ഉണർവ്

**വൈ**വിധ്യങ്ങളുടെ സമാനതകളില്ലാത്ത സംഗമമായിരുന്ന 2023 നവംബർ ഒന്നിന് തലസ്ഥാനത്ത് ആരംഭിച്ച കേരളീയം കേരളപ്പിറവി വാരാഘോഷം. അതിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ പങ്കാളിത്തവും സാന്നിധ്യവും പുതു ചരിത്രത്തിലേക്കുള്ള കാൽവയ്പ്പായി മാറി. കലയും സാഹിത്യവും വരയും വർണ്ണങ്ങളും ചരിത്രവും ഭാവിസ്വപ്നങ്ങളും രുചിവൈവിധ്യങ്ങളും അറിവും അലങ്കാരങ്ങളും രാപകലുകളില്ലാതെ പീലിവിടർത്തിയാടിയ സപ്തദിനങ്ങളായിരുന്ന അനന്തപുരി കണ്ടത്. ആ കേരളീയത്തിന്റെ വിദ്യാർത്ഥി പങ്കാളിത്തത്തിന് ചാലകശക്തി ആയത് എനർജി മാനേജ്മെന്റ് സെന്ററിന്റെ 'ഉണർവ്' യജ്ഞമായിരുന്നു. ഊർജ്ജ സംരക്ഷണ പാഠങ്ങൾ വിദ്യാർത്ഥികളിലൂടെ സമൂഹത്തിൽ എത്തിക്കാൻ എനർജി മാനേജ്മെന്റ് സെന്ററിൽ 2023 ജൂൺ മാസം മുതൽ നടന്നുവരുന്ന ഉണർവ് എന്ന പേരിലെ ഊർജ്ജസംരക്ഷണ ശില്പശാലകളുടെ തുടർച്ചയായാണ് കേരളീയത്തിന്റെയും ഭാഗമായി തീർന്നത്. അറിവുത്സവവുമായി മാറിയ കേരളീയം കാണാൻ സാധാരണക്കാരായ ഗ്രാമീണ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്താങ്ങ് ആവുകയായിരുന്നു ഇ.എം.സി.യുടെ ലക്ഷ്യം. ചിട്ടയായ ആസൂത്രണവും മികച്ച സംഘാടനവും വിദ്യാർത്ഥി സൗഹൃദമായ ഇടപെടലുകളും പാരിസ്ഥിതിക സ്പർശമുള്ള പ്രവർത്തനങ്ങളും എനർജി മാനേജ്മെന്റ് സെന്റർ ഉണർവ് യജ്ഞത്തെ കേരളീയത്തിന്റെ വിജയപുസ്തകത്തിലെ സുവർണ്ണ അധ്യായങ്ങളിൽ ഇടം നേടിക്കൊടുക്കുകയായിരുന്നു. കേരളീയത്തിന്റെ സിരാകേന്ദ്രമായ കനകക്കുന്നിന്റെ നെറുകയിൽ ഇ.എം.സി. ഒരുക്കിയ ഉണർവ് യജ്ഞം കേരളീയത്തിന് മാത്രമല്ല കേരളത്തിന് ആകമാനം ഒരു പുത്തൻ ഉണർവായി മാറുകയായിരുന്നു.



## മരത്തണലിൽ രജിസ്ട്രേഷൻ

**തി**രുവിതാംകൂർ രാജഭരണത്തിന്റെ ഓർമ്മകളിരമ്പുന്ന കനകക്കുന്ന് കൊട്ടാരത്തിന്റെ ഹൃദയമായ നിശാഗന്ധി ഓാഡിറ്റോറിയത്തിന് മുന്നിലെ മരണത്തലിൽ സജ്ജമാക്കിയ രജിസ്ട്രേഷൻ കൗണ്ടർ കേരളത്തിന്റെ പ്രകൃതി രമണീയതയോടൊപ്പം പ്രകൃതിസൗഹൃദ സിദ്ധാന്തങ്ങൾക്കും പ്രാധാന്യം നൽകി.

ഉണർവ് പരിപാടിയിൽ എത്തിയ സ്കൂളുകൾക്ക് കാലതാമസമൊന്നുമില്ലാതെ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ വേണ്ട ക്രമീകരണങ്ങൾ പരിശീലനം നേടിയ വോളണ്ടിയർമാരെ നിയമിച്ച് ചെയ്തിരുന്നു.



# നിശാഗന്ധി നിറഞ്ഞ ഉണർവുദ്ഘാടനം

ഇ.എം.സി. ഉണർവിന്റെ കേരളീയം പരിപാടിയുടെ ഉദ്ഘാടനവും സവിശേഷതകൾ നിറഞ്ഞതായിരുന്നു. കലയുടെയും സാഹിത്യത്തിന്റെയും പരിമളം നിറഞ്ഞുനിൽക്കുന്ന നിശാഗന്ധി ഓഡിറ്റോറിയം ഉണർവിന് വേണ്ടി പകലിൽ പൂത്തുലയുന്ന കാഴ്ചയാണ് കേരളീയം കാണാൻ എത്തിയ ജനങ്ങൾ കണ്ടത്. ഉദ്ഘാടനത്തിന് മുമ്പ് തന്നെ ഇ.എം.സി.യുടെ തൂവെള്ള തൊപ്പികൾ ധരിച്ച വിദ്യാർത്ഥികളെക്കൊണ്ട് നിശാഗന്ധി നിറഞ്ഞു കവിഞ്ഞിരുന്നു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കൃഷ്ണൻകുട്ടി ഇ.എം.സി- കേരളീയം ഉണർവ് യജ്ഞം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി മുഖ്യാതിഥിയായിരുന്നു. ശ്രീ.കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. ഇ.എം.സി. കേരളീയം ഉണർവ് യജ്ഞം സന്ദേശം നൽകി. ശ്രീ. ഡി. കെ. മുരളി എം.എൽ.എ. അധ്യക്ഷനായി.

ഇ.എം.സി. ജോയിന്റ് ഡയറക്ടർ ശ്രീ. ദിനേശ് കുമാർ എ. എൻ. സ്വാഗതം പറഞ്ഞു. രജിസ്ട്രാർ ശ്രീ.ബി. വി. സുഭാഷ് ബാബു, ഊർജ്ജകാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോസൺ ഡാനിയേൽ, എനർജി ടെക്നോളജിസ്റ്റ് ശ്രീ. അനൂപ് സുരേന്ദ്രൻ, എനർജി ടെക്നോളജിസ്റ്റ് ശ്രീ. സന്ദീപ്. കെ., ഉണർവ്വ് കോർഡിനേറ്റർ ശ്രീ.എം. കെ. മെഹബൂബ് തുടങ്ങിയവർ പങ്കെടുത്തു.




മുഖ്യാതിഥിയായിരുന്ന ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി വിദ്യാർത്ഥികളോട് സംസാരിക്കുന്നു




ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്യുന്നു



## ഉണർവോടെ ഉല്ലാസത്തോടെ... സുരക്ഷിതമായി

തിരുവനന്തപുരം ജില്ലയിലെ ഗ്രാമീണ സ്കൂളുകളിലെ വിദ്യാർത്ഥികളെ കേരളീയം മഹോത്സവം കാണാൻ ക്ഷണിക്കുമ്പോൾ ഒട്ടേറെ വെല്ലുവിളികൾ ഇ.എം.സി. അഭിമുഖീകരിച്ചിരുന്നു. ആദ്യ ദിനം മുതൽ വലിയ രീതിയിൽ ബഹുജന പങ്കാളിത്തമുള്ള പരിപാടിയിൽ വിദ്യാർത്ഥികളെ എങ്ങനെ സുരക്ഷിതമായി പങ്കെടുപ്പിക്കാം എന്ന ആശങ്കയായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. എന്നാൽ ചിട്ടയായ സംഘാടനം കൊണ്ട് ആ വെല്ലുവിളികളെയെല്ലാം മറികടക്കാൻ സാധിച്ചു. ഉണർവ് സേനയുടെ നേതൃത്വത്തിൽ മികച്ച സജ്ജീകരണങ്ങളാണ് ഇ.എം.സി. ഇതിനായി ഒരുക്കിയത്.

ഇ.എം.സി.യുടെ നേതൃത്വത്തിൽ കേരളീയത്തിന്റെ ഭാഗമായ പ്രദർശനവും അനുബന്ധ പരിപാടികളും കാണാൻ ദിവസവും നൂറുകണക്കിന് വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് തിരുവനന്തപുരം നഗരത്തിലെത്തിയത്. നഗരത്തിലെത്തിയതു മുതൽ വഴികാട്ടികളായി ഇ.എം. സി.യുടെ ഉണർവ് സേന സജ്ജമായിരുന്നു. രജിസ്ട്രേഷൻ ഡെസ്ക് മുതൽ വെയിലേൽക്കാതിരിക്കാനുള്ള തൂവെള്ള തൊപ്പികളുടെ വിതരണം, ഫോട്ടോഷൂട്ട്, ലഘുഭക്ഷണപാനീയ വിതരണം, മെഡിക്കൽ എയ്ഡ് തുടങ്ങിയ സേവനങ്ങളെല്ലാം വിദ്യാർത്ഥികൾക്ക് നൽകാനായി ഉണർവ് സേന ഉണർന്ന് പ്രവർത്തിച്ചു. വിദ്യാർഥികളെ വരിതെറ്റാതെ, വഴിതെറ്റാതെ ഓരോ പ്രദർശനശാലയിലേക്കും ആനയിച്ച് കൊണ്ടുപോയത് ഉണർവ് സേനയായിരുന്നു. കൂടാതെ, സൗജന്യമായി മൃഗശാലയും മ്യൂസിയവും കാണാനും ഇ.എം.സി. ഉണർവ് യജ്ഞത്തിലൂടെ ക്രമീകരണം ഒരുക്കിയിരുന്നു. അതാത് സ്കൂളുകളിൽ നിന്ന് കേരളീയത്തിൽ പങ്കെടുത്ത് മടങ്ങുന്നതിന് ആവശ്യമായി വരുന്ന ചെലവ് ഇ.എം. സി.യാണ് വഹിച്ചത്. വെയിലും തിരക്കുമേറ്റ് ആർക്കെങ്കിലും അത്യാഹിതമുണ്ടായാൽ ഉടൻ ഇടപെടൽ നടത്തുന്നതിനായുള്ള മെഡിക്കൽ എയ്ഡ് സംഘവും ഉണർവ്വ് സേനയിൽ സജീവമായിരുന്നു.

# കേരളീയ നഗരമാസ്വദിച്ച് വിദ്യാർത്ഥികൾ...





# അവർ ഹൃദയത്തിന്റെ ഭാഷയിൽ അനുഭവക്കുറിപ്പുകൾ എഴുതി

ഗ്രാമീണവിദ്യാലയങ്ങൾക്ക് കേരളീയം കാണാൻ ഹൃദയവാതിലുകൾ തുറന്നുകൊടുത്ത ഇ.എം.സി. യെക്കുറിച്ച് അവർ എഴുതിയത് സ്നേഹാനുഭൂതി നിറച്ച തൂലികകൊണ്ടായിരുന്നു. അതിലെ ഓരോവാക്കുകളിലും നന്ദിയുടെ നനവും പ്രതീക്ഷയുടെപ്രകാശവും ആശംസകളുടെആലിംഗനങ്ങളും തൊട്ടറിയാൻ ഇ.എം.സി.ക്ക് കഴിഞ്ഞു. സത്യത്തിൽ ആവാക്കുകളെല്ലാം വിദ്യാർത്ഥികൾ ഇ.എം.സി.ക്ക് നൽകിയ സ്വർണ്ണപ്പതക്കങ്ങളായിരുന്നു.

ആശംസകളായും ആദരവായും ആത്മപ്രചോദനങ്ങളായും സ്കൂളുകൾ കുറിച്ചിട്ട വരികളിൽ ചിലത്...

"വളരെ നല്ല അനുഭവമായിരുന്നു കുട്ടികൾക്കും ഒരേപോലെ ഞങ്ങൾക്കും ഉണ്ടായത്... വളരെ സുഗമമായ അന്തരീക്ഷം ഒരുക്കി തന്ന ഉണർവിന്റെ ടീമിലെ ഓരോരുത്തർക്കും നന്ദി. ചുറുചുറുക്കോടെ രാവിലെ മുതൽ തുടങ്ങുന്ന ഉത്തരവാദിത്തം ദിവസത്തിന്റെ അവസാനം വരെ ഒരേ താല്പര്യത്തോടെ ഏറ്റെടുക്കുന്ന പ്രവർത്തനം. പ്രശംസിക്കാതെ വയ്യ!

**– എൽ.പി.ജി.എസ്. വക്കം**

"കേരളീയം പരിപാടിയുടെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ച ഉണർവ് പരിപാടി കുട്ടികൾക്ക് വളരെ ഉപകാരപ്രദമായി. സംഘാടനം വളരെ മികച്ചതായിരുന്നു. സമയനഷ്ടം കൂടാതെ വിവിധ സ്റ്റാളുകളും മ്യൂസിയവും സന്ദർശിക്കാൻ സഹായിച്ച വോളണ്ടിയർമാരുടെ സേവനം മികച്ചതായിരുന്നു. ആദ്യാവസാനം വരെ മികവുറ്റ സഹകരണമാണ് അവർ നൽകിയത്. ഇ.എം.സി. പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**– ഗവ. യു. പി. എസ് ആനാകുടി**

"സാധാരണക്കാരായ കുട്ടികൾക്ക് വലിയൊരു ആശ്വാസമായിരുന്നു ഇ.എം.സി.യുടെ ഉണർവ്. ഞങ്ങൾ നന്നായി ആസ്വദിച്ചു. നല്ല കോർഡിനേഷനായിരുന്നു. ഇ.എം.സി.യിലെ മുഴുവൻ പ്രവർത്തകർക്കും ഞങ്ങളുടെ നന്ദി അറിയിക്കട്ടെ.

**– ജി.എച്ച്.എസ്.എസ്. കിളിമാനൂർ**

"കനകക്കുന്നിൽ എത്തിയപ്പോൾ തന്നെ ഇ.എം.സി.യുടെ വോളണ്ടിയർമാർ ഞങ്ങളെ കൂട്ടിക്കൊണ്ടുവന്നു. ഫോട്ടോഷൂട്ട് നടത്തി... ലഘുഭക്ഷണം നൽകി... തൊപ്പികൾ നൽകി... വഴികാട്ടാൻ അവർ ഒപ്പം കൂടി... നല്ലൊരു അനുഭവമായിരുന്നു. അത് പോലെ മികച്ച സംഘാടനം, മികച്ച വൃത്തി, മികച്ച സഹകരണം. നന്ദി ഇ എം.സി.

**– ടീം ജെ.ബി.എസ് നെയ്യാറ്റിൻകര**

"കണ്ണിനും കാതിനും മനസ്സിനും ഒരുപോലെ ഉണർവ് നൽകിയ കേരളീയ കാഴ്ചകൾക്ക് അവസരമൊരുക്കിയ... സഹായം നൽകിയ ഇ.എം. സി.ക്ക് ഒരായിരം നന്ദി.

**– ഗവ. വി.എച്ച്.എസ്.എസ്. പകൽക്കുറി**

വളർച്ചയുടെ ഓരോവർഷങ്ങൾ പിന്നിടുമ്പോഴും എനർജി മാനേജ്മെന്റ് സെന്റർ എന്നത് കേരളത്തിലെ ഓരോരുത്തരുടെയും ഹൃദയത്തിൽ അരക്കിട്ടുറപ്പിച്ച നാമമായി മാറുകയാണ്. 2023 നവംബർ ഒന്നിന് ആരംഭിച്ച കേരളീയത്തിന്റെ വിജയശിലകളിലും നൂറുനൂറു വിദ്യാർഥികൾ ഇ.എം.സി എന്ന ആ നാമം കൊത്തിവെച്ച കഴിഞ്ഞു. ഊർജ്ജത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾകൊണ്ട് നിറഞ്ഞ ഒരു പാഴ്മരുഭൂമി പ്രവർത്തനവൈവിധ്യങ്ങളുടെ നകംകൊണ്ടുഴുതുമറിച്ച് ഊർജസംരക്ഷണത്തിന്റെ ഹരിതഭൂമിയാക്കി മാറ്റിയത് ഇ.എം.സി.ആയിരുന്നു. ഇ.എം.സി.യുടെ ഓരോ പ്രവർത്തനങ്ങളും മലയാളികളുടെ മനസ്സിൽ കൊളുത്തി വെച്ച ചിരാതുകളാണ്. ദീർഘവീക്ഷണത്തിന്റെ വിശാലതകളും പുതുമകളുടെ പരിമളവും അക്ഷരങ്ങളുടെ ദീപ്തിയുമുള്ള ഒത്തിരിയൊത്തിരി വൈവിധ്യമുള്ള പരിപാടികളുമായി എനർജി മാനേജ്മെന്റ് സെന്റർ കേരളത്തിൽ അങ്ങോളമിങ്ങോളം ഉണ്ടാകുമെന്ന് കൂടി ഈ അവസരത്തിൽ അറിയിക്കട്ടെ.

തയ്യാറാക്കിയത്: **എസ്. കെ. സാജിദ്**
ഇ.എം.സി. റിസോഴ്സ് പേഴ്സൺ



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256